# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 495

26.04.2017 - ൽ മറുപടിക്ക്.

## നഷ്ടത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ

ചോദ്യം
ശ്രീ. ആന്റണി ജോൺ.

മറുപടി
ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

| ചോദ്യം | മറുപടി |
|---|---|
| (എ) ഈ സർക്കാർ വന്നതിനുശേഷം നഷ്ടത്തിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ; | എ) : ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഏതെല്ലാം വ്യവസായ സ്ഥാപനങ്ങൾ എന്ന് വ്യക്തമാക്കാമോ ; | (ബി) : 2015-16 സാമ്പത്തിക വർഷം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്, സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ 2016-17-ൽ ലാഭകരമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിലാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ ? | (സി) : ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖല സ്ഥാപനങ്ങളെക്കുറിച്ച് വിശദമായ പഠനം പൊതുമേഖല വ്യവസായ പുനസംഘടന ബോർഡ് (RIAB) നടത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഉത്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ |

നവീകരണം, വിപണന സാധ്യതയുള്ള ഉത്പന്നങ്ങളുടെ വൈവിധ്യവത്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിറ്ററിങ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കമ്പനികളുടെ മൊത്തം നഷ്ടം 2015-16-ലെ 131.60 കോടി രൂപയിൽ നിന്നും 2016-17-ൽ 71.34 കോടി രൂപയായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.